പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *515 | 02.07.2014 ന് മറുപടിയ്ക്ക്.

## നഴ്സിംഗ് അക്കാഡമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. പാലോട് രവി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) നഴ്സിംഗ് അക്കാഡമി നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) അക്കാഡമിയുടെ പ്രവർത്തനം തുടങ്ങിയിട്ടില്ല. എന്നാൽ അന്താരാഷ്ട്ര നിലവാരത്തിൽ നഴ്സിംഗ് അക്കാഡമി നടത്തുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രവർത്തനങ്ങൾ ഉടൻ തുടങ്ങുന്നതാണ്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) 60% പ്ലേസ്മെന്റ് ഉറപ്പാക്കിക്കൊണ്ടുള്ള നഴ്സിംഗ് പരിശീലന പരിപാടികൾ നടപ്പിലാക്കുക, അന്താരാഷ്ട്ര തലത്തിൽ അംഗീകാരമുള്ള സർട്ടിഫിക്കേഷൻ ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് നഴ്സിംഗ് അക്കാഡമി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) നഴ്സുമാരുടെ തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ; | (സി) നഴ്സിംഗ് മേഖലയിൽ നിലവിലുള്ള തൊഴിൽ വിടവ് മനസ്സിലാക്കി ആവശ്യമായ പരിശീലനം നൽകുക, കൂടാതെ ആരോഗ്യപരിപാലന രംഗത്ത് അന്താരാഷ്ട്ര തലത്തിലുള്ള നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ശുശ്രൂഷയും പരിശീലനവും ഉദ്യോഗാർത്ഥികൾക്ക് നൽകുക എന്നിവയാണ് നഴ്സിംഗ് അക്കാഡമിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവഴി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) കേരളത്തിനകത്തും പുറത്തും നഴ്സിംഗ് വിദ്യാഭ്യാസം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും പ്ലേസ്മെന്റ് ഉറപ്പാക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് പരിശീലനം നൽകുവാനാണ് നഴ്സിംഗ് അക്കാഡമി വഴി ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ